പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 32 - 09.06.2014 ലെ മറുപടിയ്ക്ക്

പലിശരഹിത ബാങ്ക് സ്ഥാപിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. എം. ഹംസ :

(എ) സ്വകാര്യ പണമിടപാടുകാരിൽ നിന്നും പണം പലിശയ്ക്കെടുത്തു കെണിയിലായവരേയും ആത്മഹത്യാ ഘട്ടത്തിലായ കുടുംബങ്ങളേയും സാധാരണക്കാരേയും രക്ഷിക്കുന്നതിനായി എന്തെല്ലാം സഹായങ്ങൾ നല്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം 2012 നടപ്പാക്കി വരുന്നു. ടി നിയമത്തിൽ ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കുകയോ ഇതിലേയ്ക്കായി ഏതെങ്കിലും വ്യക്തിയെ ശാരീരികമായോ മാനസികമായോ പീഢിപ്പിക്കുകയോ ചെയ്താൽ കടുത്ത ശിക്ഷ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സാധാരണക്കാർക്ക് മിതമായ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 22-05-2014-ൽ പ്രത്യേക സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് കൂടുകയും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

PTO

(ബി) കൊള്ളപ്പലിശയ്ക്ക് കടമെടുത്ത് തിരിച്ചുനൽകാനാവാതെ ആത്മഹത്യയും മറ്റും പെരുകി വരുന്ന സാഹചര്യം പരിഗണിച്ച് സംസ്ഥാനത്ത് "പലിശ രഹിത ബാങ്ക്" സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുമോ; വിശദാംശം ലഭ്യമാക്കാമോ ?

(ബി) സംസ്ഥാനത്ത് പലിശ രഹിത ബാങ്ക് സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.